manham@aljamia.net
അബ്ദുല്ല മൻഹാം

# ഖുർആനിലെ ക്രിയകൾ – 2

വിശുദ്ധ ഖുർആനിലെ ഭൂതകാല ക്രിയയെ കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ പഠിച്ചത്. ക്രിയകളെക്കുറിച്ച് പൊതുവായി പഠിക്കേണ്ട ചില കാര്യങ്ങളാണ് താഴെ പറയുന്നത്:

1. അറബി ഭാഷയിലെ ക്രിയകളിൽ അധികവും അടിസ്ഥാനപരമായി മൂന്നക്ഷരങ്ങൾ ആണ്. ഇത് ക്രിയയുടെ മൂലരൂപം പരിഗണിക്കുമ്പോളാണ്. ഉദാഹരണത്തിന് കഴിഞ്ഞ പാഠത്തിലെ بَعَثَ، جَعَلَ، ذَهَبَ ، فَتَحَ ، قَطَعَ എന്നിവ ഓർക്കുക.
2. ഭൂതകാല ക്രിയകളുടെ ഈ മൂലരൂപത്തിനുള്ളിൽ കർത്താവ് (ക്രിയ ചെയ്ത ആൾ) ഒളിഞ്ഞിരിപ്പുണ്ട് എന്നും മുമ്പ് സൂചിപ്പിച്ചിരുന്നു. അപ്പോൾ ذَهَبَ എന്നാൽ 'അവൻ പോയി' എന്നും فَتَحَ എന്നാൽ 'അവൻ തുറന്നു' എന്നും അർഥം. ഇവിടെ കർത്താവ് പുരുഷനാണ് (പുല്ലിംഗം). ഒരാളുമാണ്, അഥവാ ഏകവചനം.
3. കർത്താവ് ബഹുവചനമാവുമ്പോൾ ക്രിയയിൽ ചെറിയ മാറ്റം വരും. അതുപോലെ സ്ത്രീലിംഗമാവുമ്പോഴും ചെറിയ മാറ്റമുണ്ട്. ഈ മാറ്റം ക്രിയയുടെ അന്ത്യത്തിലാണ് വരുന്നത്. ഇത് കുറേക്കൂടി വ്യക്തമാവാൻ താഴെ പട്ടികയിൽ കൊടുത്ത ഉദാഹരണങ്ങൾ നോക്കുക. ക്രിയകളെയും അവയുടെ കാലത്തിനും ലിംഗത്തിനും വചനത്തി(ഏകവചനം/ബഹുവചനം)നുമനുസരിച്ച് വരുന്ന മാറ്റത്തെയും വിശദീകരിക്കാൻ അറബി വ്യാകരണ വിശാരദന്മാർ فَعَلَ എന്ന ക്രിയയാണ് ഉദാഹരണമായി ഉപയോഗിക്കാറുള്ളത്. നമുക്കും അത് തന്നെ ഉപയോഗിക്കാം.

| ക്രിയ | കർത്താവ് | വചനം | അന്ത്യത്തിൽ ചേരുന്ന അക്ഷരം |
|---|---|---|---|
| 1. فَعَلَ | അവൻ (പു.) | ഏകവചനം<br>അവൻ ചെയ്തു | – |
| 2. فَعَلُوا | അവർ (പു.) | ബഹുവചനം<br>അവർ ചെയ്തു | وا<br>(വാവി(و)ന് ശേഷമുള്ള അലിഫി(ا)ന് ഉച്ചാരണമില്ല) |
| 3. فَعَلْتَ | നീ (പു.) | ഏകവചനം<br>നീ ചെയ്തു | تَ |
| 4. فَعَلْتُمْ | നിങ്ങൾ (പു.) | ബഹുവചനം<br>നിങ്ങൾ ചെയ്തു | تُمْ |
| 5. فَعَلْتُ | ഞാൻ (പു./സ്ത്രീ) | ഏകവചനം<br>ഞാൻ ചെയ്തു | تُ |
| 6. فَعَلْنَا | ഞങ്ങൾ (പു./സ്ത്രീ) | ബഹുവചനം<br>ഞങ്ങൾ ചെയ്തു | نَا |

**കുറിപ്പ്:** ഞാൻ, ഞങ്ങൾ എന്നതിൽ ലിംഗവ്യത്യാസമില്ല. അവൾ (സ്ത്രീ), നീ (സ്ത്രീ) എന്നതും അവയുടെ ബഹുവചന രൂപവും പിന്നീട് പഠിക്കാം. ഭൂതകാല ക്രിയയിലെ ഈ ആറ് രൂപങ്ങളും വളരെയേറെ പ്രാധാന്യമുള്ളതാണ്. ഈ മാതൃകയിലുള്ള ക്രിയാ പദങ്ങൾ വിശുദ്ധ ഖുർആനിൽ ഏതാണ്ട് ഒമ്പതിനായിരം (9000) തവണ വന്നിട്ടുണ്ട്. അതായത് ഖുർആനിലെ പത്തിലൊരു വാക്ക് പ്രസ്തുത രൂപങ്ങളെ അടിസ്ഥാനമാക്കിയാണ് എന്ന് സാരം. അതിനാൽ അൽപം സമയമെടുത്ത് ഈ രൂപങ്ങൾ മനഃപാഠമാക്കേണ്ടതാണ്.

മുകളിലെഴുതിയ രൂപങ്ങൾക്ക് ഖുർആനിൽ നിന്നുള്ള ഉദാഹരണങ്ങൾ അതേ ക്രമത്തിൽ താഴെ ഉദ്ധരിക്കുന്നു:

1. 21:59 (7 തവണ) فَعَلَ

قَالُوا۟ مَن فَعَلَ هَٰذَا بِـَٔالِهَتِنَآ إِنَّهُۥ لَمِنَ ٱلظَّٰلِمِينَ ﴿٥٩﴾

2. 3:135 (4 തവണ) فَعَلُوا

.... وَلَمْ يُصِرُّوا۟ عَلَىٰ مَا فَعَلُوا۟ وَهُمْ يَعْلَمُونَ ﴿١٣٥﴾

3. 21:62 (4 തവണ) فَعَلْتَ

قَالُوٓا۟ ءَأَنتَ فَعَلْتَ هَٰذَا بِـَٔالِهَتِنَا يَٰٓإِبْرَٰهِيمُ ﴿٦٢﴾

4. 12:89, 49:6 (രണ്ട് തവണ മാത്രം) فَعَلْتُمْ

قَالَ هَلْ عَلِمْتُم مَّا فَعَلْتُم بِيُوسُفَ وَأَخِيهِ إِذْ أَنتُمْ جَٰهِلُونَ ﴿٨٩﴾

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن جَآءَكُمْ فَاسِقٌۢ بِنَبَإٍ فَتَبَيَّنُوٓا۟ أَن تُصِيبُوا۟
قَوْمًۢا بِجَهَٰلَةٍ فَتُصْبِحُوا۟ عَلَىٰ مَا فَعَلْتُمْ نَٰدِمِينَ ﴿٦﴾

5. 18:82, 26:20 (രണ്ട് തവണ മാത്രം) فَعَلْتُ

وَمَا فَعَلْتُهُۥ عَنْ أَمْرِى ۚ ذَٰلِكَ تَأْوِيلُ مَا لَمْ تَسْطِع عَّلَيْهِ صَبْرًا ﴿٨٢﴾

قَالَ فَعَلْتُهَآ إِذًا وَأَنَا۠ مِنَ ٱلضَّآلِّينَ ﴿٢٠﴾

6. 14:45 (ഒരു തവണ മാത്രം) فعلنا

وَتَبَيَّنَ لَكُمْ كَيْفَ فَعَلْنَا بِهِمْ وَضَرَبْنَا لَكُمُ ٱلْأَمْثَالَ ﴿٤٥﴾

فَعَلَ എന്ന ക്രിയയുടെ 6 വ്യത്യസ്ത രൂപങ്ങൾ 20 തവണ ആവർത്തിച്ചതായി കാണുന്നു.

ഞാൻ ചെയ്തു فَعَلْتُ
ഞാൻ അത് ചെയ്തു فَعَلْتُهُ = هُوَ+ فَعَلْتُ – فَعَلْتُهُ
ഞാൻ അത് ചെയ്തു فَعَلْتُهَا = هِيَ + فَعَلْتُ – فَعَلْتُهَا

അടിവരയിട്ടത് ശ്രദ്ധിക്കുക. ആദ്യത്തേതിൽ പുല്ലിംഗത്തെയും രണ്ടാമത്തേതിൽ സ്ത്രീലിംഗത്തെയും കുറിക്കുന്നു. ലിംഗത്തിൽ മാറ്റം വന്നത് കർമത്തിലാണ്. കർത്താവ് രണ്ടിടത്തും പുരുഷൻ തന്നെ. എന്നാൽ കർത്താവ് സ്ത്രീയാണെങ്കിലും മാറ്റമില്ല എന്നത് നേരത്തെ സൂചിപ്പിച്ചതാണ്.